ശ്രീ. പി. നാണു: ഡബ്ലിയു. എച്ച്. ഒ. യിൽനിന്ന് എപ്പോൾ ആളെ കിട്ടുമെന്നാണ് ഗവണ്മെൻറ് പ്രതീക്ഷിക്കുന്നത്?

ശ്രീ. സി. കേശവൻ: കഴിയുന്നതും വേഗം കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. പി. നാണു: ഇവിടെ യോഗ്യതകളുള്ള ആളുകൾ ഉള്ളപ്പോൾ ഈ വക സ്ഥാനങ്ങളിൽ അവരെ നിയമിച്ചു അവരെ പ്രോത്സാഹിപ്പിക്കേണ്ടതല്ലേ?

ശ്രീ. സി. കേശവൻ: ഇതു് പ്രോത്സാഹിപ്പിക്കേണ്ട ഒരു വിഷയമല്ല. ഇവിടെ പുത്തനായി ഒരു മെഡിക്കൽ കാളേജു് ഉണ്ടായിരിക്കുകയാണ്. ആ നിലയ്ക്കു ഈ മെഡിക്കൽ കാളേജിൻറെ പേരിനു് അനുരൂപമായിരിക്കുന്ന ഒരാളെ നിയമിക്കുന്നതായിരിക്കും നല്ലതു എന്നു് ഗവണ്മെൻറ് ഉദ്ദേശിച്ചു. അതുകൊണ്ടാണ് ഡബ്ലിയു. എച്ച്. ഒ. യിൽനിന്നു് ഒരാളെ വേണമെന്നു് ഗവണ്മെൻറ് ആവശ്യപ്പെട്ടതു്.

ശ്രീ. പി. നാണു: യോഗ്യതയുള്ള ആളുകൾ ഇവിടെയുണ്ടെങ്കിൽ അവരെ പ്രോത്സാഹിപ്പിക്കേണ്ടതല്ലേ?

ശ്രീ. സി. കേശവൻ: ഈ അപേക്ഷകൻറെ യോഗ്യതകൾ ഒരു മെഡിക്കൽ കാളേജു് പ്രിൻസിപ്പാളിനുള്ള യോഗ്യതയാണെന്നു് എനിക്കു തോന്നുന്നില്ല.

ശ്രീ. ജോസഫ് മാത്തൻ: മെഡിക്കൽ കാളേജു് പ്രിൻസിപ്പാളിൻറെ ഉദ്യോഗത്തിനു് അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഇല്ല.

ശ്രീ. ജോസഫ് മാത്തൻ: അപേക്ഷകൾ ക്ഷണിച്ചിട്ടില്ലാത്തപ്പോൾ ഇദ്ദേഹം അപേക്ഷ അയച്ചിരിക്കുന്നതിൽ വല്ല പ്രത്യേക കാരണവും ഉണ്ടോ?

ശ്രീ. സി. കേശവൻ: അപേക്ഷകൾ ക്ഷണിച്ചിട്ടില്ലാത്തപ്പോൾ അപേക്ഷ അയയ്ക്കേണ്ടതിൻറെ ആവശ്യം ഇല്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: ഈ അപേക്ഷകൻറെ പേരെന്താണ്?

ശ്രീ. സി. കേശവൻ: ജി. ഭാസ്കരൻ എന്നാണ് പേർ. ഇപ്പോൾ ഇദ്ദേഹം ഉദ്യോഗം ഒന്നും ഇല്ലാതിരിക്കയാണ്.

Sri. P. Balakrishnan Tampi: Is the Government aware that fellowship of these learned societies is not considered tantamount to an academic work?

ശ്രീ. സി. കേശവൻ: അതു് എനിക്കു് അറിയുവാൻ പാടില്ല.

Dr. M. O. Cheriyan: Has he got any administrative experience?

Sri. C. Kesavan: The qualifications have been read out.

ശ്രീ. പി. നാണു: ശ്രീ. ബാലകൃഷ്ണൻതമ്പി അവർകളുടെ സ്വന്തത്തിൽപെട്ട ആരെങ്കിലും ഇതിനു് അപേക്ഷ അയച്ചിട്ടുണ്ടോ?

മിസ്റ്റർ സ്പീക്കർ: ആ ചോദ്യം അനുവദിക്കുന്നില്ല.

Sri. P. Balakrishnan Tampi: May I know whether Government are aware that there are scores of people in the Medical Department who have higher qualifications both in surgery and medicine?

Sri. C. Kesavan: I do not know how to compare these things. I will have on consult a medical man.

ആശുപത്രി

* ൧൦൩. (൨) ശ്രീ. പി. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഈ സംസ്ഥാനത്തു കാമ്പൗണ്ടുവാർഡ് ഇല്ലാത്ത എത്ര ആശുപത്രികൾ ഉണ്ടു്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എത്ര ആശുപത്രികളിൽ ക്രിമിനൽ പുള്ളികളെ ചികിത്സിപ്പിക്കുന്നതിനുള്ള പ്രത്യേക മുറികൾ ഉണ്ട്;

(സി) ഈ മുറികൾ എല്ലാം ക്രിമിനൽ പുള്ളികളെ സൂക്ഷിപ്പിക്കത്തക്ക വിധത്തിൽ ഉറപ്പുള്ളതാണോ;

(ഡി) ഉറപ്പില്ലാത്ത മുറികൾ ഉണ്ടെങ്കിൽ അവ ഏതെല്ലാം ആശുപത്രികളിലാണ്;

(ഇ) അവ മാരാമ്മം ഉറപ്പില്ലാതായിത്തീർന്നിട്ട് എത്ര കാലംവീതം ആയിട്ടുണ്ട്;

(എഫ്) അറ്റകുറ്റപ്പണി കിടക്കുന്ന ആശുപത്രികൾ ഈ സംസ്ഥാനത്തുണ്ടോ;

(ജി) ഉണ്ടെങ്കിൽ അതു് ഏതെല്ലാമെന്നും എപ്പോൾ മുതൽ അറ്റകുറ്റപ്പണി കിടക്കുന്നുവെന്നും പറയാൻ മയവുണ്ടാകുമോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ): (എ—ജി) ബഹുമാനപ്പെട്ട മെമ്പറുടെ ചോദ്യത്തിനുള്ള ഉത്തരം തയ്യാറാക്കുന്നതിനു് പല വിവരങ്ങളും ശേഖരിക്കേണ്ടതുണ്ടു്. ആ വക വിവരങ്ങൾ ശേഖരിക്കുന്നുണ്ടു്. പക്ഷേ ഇതു കിട്ടുന്നതിനു് കാലതാമസം നേരിടുന്നതാണു്. ഏതെങ്കിലും ഒരു പ്രത്യേകസ്ഥാപനത്തിന്റെ സംഗതിയെക്കുറിച്ചാണെങ്കിൽ അതിലേക്കുള്ള ഉത്തരം താമസം കൂടാതെ നല്കാവുന്നതാണു്.

മരുന്നുകൾ

*ക ൦ ൬. (മ) ശ്രീ. പി. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) സംസ്ഥാനത്തുള്ള ആശുപത്രികളിലെല്ലാം ആവശ്യമുള്ള മരുന്നുകൾ ഉണ്ടോ;

(ബി) മരുന്നു വിലകൊടുത്തു വാങ്ങാൻ ശേഷിയില്ലാത്ത രോഗികൾക്കു് ആശുപത്രിയിൽ ഇല്ലാത്ത മരുന്നുകൾ ലഭിക്കുന്നതിനു് ഗവൺമെൻറു് എന്തെങ്കിലും വ്യവസ്ഥ ചെയ്തിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ) ഉണ്ടു്. എന്നാൽ വിദേശത്തുനിന്നും വരുത്തേണ്ട മരുന്നുകൾ കിട്ടുന്നതു് ഇംപോർട്ട് ലൈസൻസു്, ഗതാഗതസൗകര്യം മുതലായ ഒഴിച്ചുകൂടാൻ വയ്യാത്ത പരിതഃസ്ഥിതിയെ ആശ്രയിച്ചിരിക്കുന്നതാണു്.

(ബി) ഉണ്ടു്

ശ്രീ. പി. നാണു: ബിയുടെ ഉത്തരത്തിൽ ഉണ്ടു് എന്നു പറഞ്ഞിട്ടുണ്ടു്. ഏതു വ്യവസ്ഥയാണു് ഗവൺമെൻറു ചെയ്തിട്ടുള്ളതു്?

ശ്രീ. സി. കേശവൻ: ആശുപത്രികളിൽ സാധുക്കളായ രോഗികൾക്കു് വിലകൂടിയ മരുന്നുകൾ കൊടുക്കേണ്ട ആവശ്യമുണ്ടെങ്കിൽ, അത്യാവശ്യഘട്ടങ്ങളിൽ, കൊടുക്കുന്നതിനു് ചട്ടങ്ങളുണ്ടു്. വിശേഷിച്ചു ടി. ബി. ആശുപത്രികളിൽ സാധുക്കളായ രോഗികൾക്കു് വിലകൂടാതെ വളരെ വിലകൂടിയ മരുന്നുകൾ കൊടുക്കുന്നതായി എനിക്കറിയാം.

ശ്രീ. പി. നാണു: ടി. ബി. അല്ലാത്ത ആശുപത്രികളിൽ സാധുക്കളായ രോഗികൾക്കു മരുന്നു കിട്ടുന്നതിനു് എന്തെല്ലാം വ്യവസ്ഥകളാണു് ചെയ്തിട്ടുള്ളതു്?

LIBRARY ARCHIVES Kerala Legislative Assembly